തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 395/എ1/2022/അഡ്മിൻ.

23.08.2023

# വിജ്ഞാപനം

വിഷയം:- പഠനസ്കൂൾ ഡയറക്ടർമാർക്കിടയിൽ നിന്നും ഒരംഗത്തെ പൊതുസഭയിലേക്ക് തിരഞ്ഞെടുക്കുന്നത് - സംബന്ധിച്ച്

പരാമർശം:- 07.08.2023 ലെ 395/എ1/2022/അഡ്മിൻ നമ്പർ വിജ്ഞാപനം.

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ നിയമം അദ്ധ്യായം III 9 (സി) iii, 2019 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ ആദ്യ സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം സ്കൂൾ ഡയറക്ടർമാരിൽ നിന്നും ഒരംഗത്തെ പൊതുസഭയിലേക്ക് തിരഞ്ഞെടുക്കുന്നതിനായി മേൽ പരാമർശ പ്രകാരം സർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 2019 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 31 പ്രകാരം സംസ്കാരപൈതൃകപഠന സ്കൂൾ ഡയറക്ടർ ഡോ. കെ.എം. ഭരതന്റെ നാമനിർദ്ദേശ പത്രിക സ്വീകരിക്കുകയും അദ്ദേഹത്തെ ഉൾപ്പെടുത്തി അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കുകയുമുണ്ടായി. അന്തിമസ്ഥാനാർത്ഥി പട്ടികയിൽ പ്രൊഫ. (ഡോ.) കെ.എം. ഭരതനൊഴിച്ച് മറ്റാരും ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നാമനിർദ്ദേശപത്രിക സ്വീകരിക്കപ്പെട്ട പ്രൊഫ. (ഡോ.) കെ.എം. ഭരതനെ (ഡയറക്ടർ, സംസ്കാരപൈതൃകപഠനസ്കൂൾ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല) തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ പൊതുസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതായി വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

തിരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ 2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല ആക്ടിലും; ആക്ട് പ്രകാരം നിർമിതമായ 2019 ലെ സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്യപ്പെട്ട പ്രകാരം പൊതുസഭയിൽ അംഗമായി സ്ഥാനം വഹിക്കുന്നതാണ്.

വൈസ് ചാൻസലറുടെ ഉത്തരവു പ്രകാരം

ഡോ. പ്രജിത് ചന്ദ്രൻ
വരണാധികാരി

THUNCHATH EZHUTHACHAN MALAYALAM UNIVERSITY
TIRUR
MALAPPURAM